3. പാർക്കിന്റെ വികസന പദ്ധതിയിൽ, പ്രോസസിംഗ് ഏരിയ, ഹൗസിംഗ് ഏരിയ, കൊമേഴ്ഷ്യൽ സ്പേസ്, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തേണ്ടതാണ്.

4. പാർക്കിന് സർട്ടിഫിക്കേഷൻ ലഭിച്ച് 7 വർഷത്തിനുള്ളിൽ കുറഞ്ഞത് 10 ലക്ഷം ചതുരശ്ര അടി സ്ഥലം കെട്ടിടം നിർമ്മിക്കേണ്ടതാണ്.

5. മലിനജല സംസ്കരണത്തിനായി സർക്കാർ നിഷ്കർഷിച്ച പ്രകാരമുള്ള സംസ്കരണ യൂണിറ്റ് സ്ഥാപിക്കുകയും സംസ്കരണം നടത്തി ഉപയോഗിക്കേണ്ടതുമാണ്.

6. പാർക്കിലെ ഖരമാലിന്യങ്ങൾ പുറന്തള്ളാനുള്ള പദ്ധതികൾ അപേക്ഷയിൽ ഉണ്ടായിരിക്കേണ്ടതാണ്.

7. കെട്ടിടങ്ങളുടെ ഉയരം, കേരള മുനിസിപ്പാലിറ്റി കെട്ടിട ചട്ടങ്ങൾ/കേരള പഞ്ചായത്ത് കെട്ടിട ചട്ടങ്ങൾ (KMBR/KPBR) എന്നിവ പ്രകാരവും, കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ നിബന്ധനകൾക്ക് വിധേയവുമായി നിയന്ത്രിക്കേണ്ടതാണ്.

8. കേരള മുനിസിപ്പാലിറ്റി കെട്ടിട ചട്ടങ്ങൾ/കേരള പഞ്ചായത്ത് കെട്ടിട ചട്ടങ്ങൾ (KMBR/KPBR) എന്നിവയിലെ ചട്ടങ്ങൾ അനുസരിച്ചും, കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ നിബന്ധനകൾക്കനുസരിച്ചുള്ള പാർക്കിംഗ് സൗകര്യങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

9. പാർക്കിന്റെ ആവശ്യത്തിനായുള്ള വെള്ളത്തിന്റെയും വൈദ്യുതിയുടെയും ലഭ്യത അപേക്ഷയിൽ വ്യക്തമാക്കേണ്ടതാണ്.

(ഡി) ബാധകമല്ല.

സ്മാർട്ട് സിറ്റി പദ്ധതി

268 (†2506) <u>ശ്രീ. എം. എ. ബേബി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനം സ്മാർട്ട് സിറ്റി പദ്ധതിക്കായി സ്ഥലങ്ങൾ നിർദ്ദേശിച്ചതിനു ശേഷം അവ അംഗീകരിച്ചുകിട്ടുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ;

(ബി) നിർദ്ദേശിക്കപ്പെട്ട നഗരങ്ങൾക്ക് കേന്ദ്ര സ്മാർട്ട് സിറ്റി പദ്ധതി പ്രകാരം ഇതിനകം ലഭിച്ച സഹായങ്ങൾ എന്തെല്ലാമാണ് ; സഹായം ലഭിക്കുന്നതിലേക്ക് സംസ്ഥാന ഗവൺമെന്റ് ചെയ്യേണ്ടതായ കാര്യങ്ങൾ എല്ലാം നിർവ്വഹിക്കപ്പെട്ടിട്ടുണ്ടോ ; വിശദമാക്കാമോ ?

---

† മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) കേന്ദ്ര സർക്കാർ ബഡ്ജറ്റിൽ സ്മാർട്ട് സിറ്റി പദ്ധതി സംബന്ധിച്ച പ്രഖ്യാപനം നടത്തിയതല്ലാതെ അതുസംബന്ധിച്ച അന്തിമമാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

അക്ഷയ കേന്ദ്രങ്ങളിലൂടെ കൂടുതൽ സേവനങ്ങൾ

269 (2507) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

അക്ഷയ കേന്ദ്രങ്ങളിലൂടെ കൂടുതൽ സേവനങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

നിലവിലെ വിവിധ സേവനങ്ങൾക്ക് പുറമേ Food establishment Licensing and Registration അപേക്ഷ, വെൽഫെയർ ബോർഡുകളുടെ അംശാദായം സ്വീകരിക്കൽ, രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റ്, വൊക്കേഷണൽ ഹയർ സെക്കണ്ടറി എഡ്യൂക്കേഷൻ, വാട്ടർ അതോറിറ്റി തുടങ്ങിയവ നടത്തിവരുന്ന സേവനങ്ങൾ, അപ്ന സി.എസ്.സി. വഴി നാഷണൽ പെൻഷൻ സ്കീം, എപ്പിക് കാർഡ് പ്രിന്റിംഗ്, ക്ഷീര വികസന വകുപ്പിനു കീഴിലുള്ള പാൽ സൊസൈറ്റി ജീവനക്കാർക്കു വേണ്ടി കമ്പ്യൂട്ടർ ടെയിനിംഗ്, റേഷൻ കാർഡ് പുതുക്കുന്നതിനുള്ള വിവര ശേഖരണം തുടങ്ങിയ സേവനങ്ങൾ ഈ വർഷം ലഭ്യമാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

തലശ്ശേരി അസംബ്ലി മണ്ഡലത്തിൽ ഐ.ടി. പാർക്ക്

270 (2508) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരി അസംബ്ലി മണ്ഡലത്തിൽ ഐ.ടി. പാർക്ക് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഐ.ടി. പാർക്ക് സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(സി) ഐ.ടി. പാർക്ക് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഇതിനകം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഇക്കാര്യം പരിശോധിക്കുന്നതാണ്.

(ബി) ഇല്ല.

(സി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly